# മണൽക്കൊള്ള വ്യാപകമാകുന്ന കൊളാവിപ്പാലം

*പി.ആർ.കൃഷ്ണൻകുട്ടി.*

**കൊ**ളാവിപ്പാലത്തെ 'തീരം പ്രകൃതിസംരക്ഷണ' പ്രവർത്തകർ നേരിടുന്ന പ്രധാന വെല്ലുവിളി പ്രകൃതി നശീകരണ പ്രവർത്തകരും അവരുടെ ഗുണ്ടാസംഘവുമാണ്. വടകര-കൊയിലാണ്ടി താലൂക്കുകളെ വേർതിരിക്കുന്ന കുറ്റ്യാടിപ്പുഴ കടലിൽചെന്നു ചേരുന്ന കോട്ടപ്പുഴ അഴിമുഖത്ത് വർഷങ്ങളായി അനധികൃത മണൽവാരൽ നടന്നുവരുന്നു. ദിവസവും 100-ലേറെ ലോഡ് മണൽ ഇവിടെനിന്നും കൊണ്ടുപോകുന്നു. ഇതിന്റെ ഫലമായി അഴിമുഖത്തിന് വടക്കുഭാഗത്തുള്ള പ്രദേശങ്ങളായ പുറങ്കര, വടകര, ആവിക്കൽ, കുരിയാടി, മുട്ടുങ്ങൾ, മടപ്പള്ളി, ചോമ്പാല എന്നീ പ്രദേശങ്ങളും അഴിമുഖത്തിനു തെക്കുഭാഗത്തുള്ള കോട്ടക്കടപ്പുറം, കൊളാവിപ്പാലം, അയനിക്കാട്, പയ്യോളി, തിക്കോടി എന്നീ പ്രദേശങ്ങളും അനുദിനം കടലാക്രമണ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. പ്രസ്തുത പ്രദേശങ്ങളിൽ ചിലയിടത്ത് കടൽഭിത്തികൾ നിലവിലുണ്ട്.

അഞ്ചു വർഷങ്ങൾ മുമ്പുവരെ കടൽഭിത്തിക്കും പുറത്ത് 200 മീറ്ററോളം മണൽപ്പരപ്പ് ഉണ്ടായിരുന്നു. പക്ഷേ, ഇന്ന് അനധികൃതമായ മണൽവാരൽ കാരണം കടൽഭിത്തിക്ക് പുറത്തുണ്ടായിരുന്ന മണൽ ഇല്ലാതായിരിക്കുന്നു. കടൽഭിത്തി തകർന്നുകൊണ്ടിരിക്കുന്നു. പരമ്പരാഗത മത്സ്യബന്ധനത്തിന് അനുയോജ്യമായിരുന്ന ഈ കടൽപ്പുറം ഇന്നു നാമാവശേഷമായിരിക്കുന്നു. ഓരോ വർഷത്തിലുമുണ്ടാകുന്ന കടലാക്രമണം ഇപ്പോൾ ശക്തമായിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ ഒരു വർഷമായി തീരം പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കോട്ടക്കടപ്പുറം, കൊളാവിപ്പാലം, അയനിക്കാട് പ്രദേശങ്ങളിലെ ജനങ്ങൾ ഒറ്റക്കെട്ടായി അനധികൃത മണൽവാരൽ അവസാനിപ്പിക്കണമെന്ന് അധികാര കേന്ദ്രങ്ങളിൽ ആവശ്യപ്പെട്ടുവരുന്നു. ഇതിനു പ്രതികാരമായി മണൽകൊള്ളക്കാരുടെ ഒരു പറ്റം ഗുണ്ടകൾ തീരംപ്രകൃതിസംരക്ഷണ പ്രവർത്തകരെ ആക്രമിക്കുകയുമുണ്ടായി.

പത്തു കിലോമീറ്ററോളം ഭാഗത്ത് സ്ഥിരമായി കടലാമകൾ മുട്ടയിടാൻ എത്തിയിരുന്നത് വ്യാപകമായ മണൽകൊള്ള കാരണം 60 ഏക്കർ സ്ഥലത്തായി ചുരുങ്ങിയിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മുട്ടയിടാൻ കരയ്ക്കെത്തിയ ആമകൾ വേണ്ടത്ര മണൽ ഇല്ലാതെ തിരിച്ചുപോവുകയുമുണ്ടായി.